06/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **CP. 1201*(2)/2019*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **18701***/എസ്.ഐ.സി-ജി 6/19)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.എ.നാരായണൻ**
**എക്സിക്യുട്ടീവ് എഞ്ചിനീയർ (റിട്ട.),**
**പൊതുമരാമത്ത് വകുപ്പ്,**
**ശ്രീഭവൻ, കെ.എസ്.ആർ.ടി.സിയ്ക്ക്**
**പുറകുവശം, പെരുമ്പാവൂർ.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**അണ്ടർ സെക്രട്ടറി,**
**പൊതുമരാമത്ത് (എ)വകുപ്പ്,**
**തിരുവനന്തപുരം.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.09.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.11.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 19.11.2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. പി.എ.നാരായണൻ, 14.11.2019ന് സമർപ്പിച്ച പരാതി ഹർജി 19.11.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.1201(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 05.08.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. 31.05.1994ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിന്നും ടിയാൻ റിട്ടയർ ചെയ്യുന്നതിനു മുമ്പ് ബഹു.കേരളാ ഹൈക്കോടതിയുടെ 08.04.1994ലെ CMP 9199/94 in OP No.8341/91-R യിലെ ഉത്തരവിൻ പ്രകാരം പുനർനിശ്ചയിച്ച ടിയാന്റെ സീനിയോറിറ്റി മറികടന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരുന്ന ശ്രീ.പി.മമ്മു, ശ്രീ.ഫിലിപ്പ് നൈനാൻ, ശ്രീ.വി.വി.സുധാകരൻ എന്നിവർക്കോ മറ്റ് ആർക്കെങ്കിലുമോ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നും

2. ഉണ്ടെങ്കിൽ അവർ ഓരോരുത്തരുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയറായി പ്രൊമോഷൻ നൽകിയ തീയതി ഏതൊക്കെയാണെന്ന് വ്യക്തമാക്കണമെന്നാണ്.

ആയതിന് 20.09.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 25 വർഷങ്ങൾക്കു മുമ്പുള്ള വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും പ്രസ്തുത വിവരങ്ങൾ ടി വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചത്.

4. എതിർകക്ഷി 09.06.2020ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 31.05.1994ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിന്നും ഹർജിക്കാരൻ റിട്ടയർ ചെയ്യുന്നതിനു മുമ്പ് ബഹുകേരള ഹൈക്കോടതിയുടെ 08.04.1994ലെ CMP 9199/94 in OP No.8341/91-R യിലെ ഉത്തരവിൻ പ്രകാരം പുനർനിശ്ചയിച്ച ടിയാന്റെ സീനിയോറിറ്റി മറികടന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരുന്ന ശ്രീ.പി.മമ്മു, ശ്രീ.ഫിലിപ്പ് നൈനാൻ, ശ്രീ.വി.വി.സുധാകരൻ എന്നിവർക്കോ മറ്റ് ആർക്കെങ്കിലുമോ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവർ ഓരോരുത്തരുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയറായി പ്രൊമോഷൻ നൽകിയ തീയതി ഏതൊക്കെയാണെന്ന് വ്യക്തമാക്കണമെന്നാണ് ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും 31.05.1994ന് മുമ്പ് നടന്നതും

മേൽപ്പടി വ്യക്തികൾക്കു സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതുമായ ഉത്തരവുകളൊന്നും ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടത്തിയ അന്വേഷണത്തിൽ ലഭ്യമായിട്ടില്ലെന്നും പ്രസ്തുത സ്ഥാനക്കയറ്റ ഉത്തരവുകൾ ഗവൺമെന്റാണ് പുറപ്പെടുവിക്കുന്നതെന്നുള്ള വിവരമാണ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഹർജിക്കാരന് നൽകിയിട്ടുള്ളതെന്നും ടി കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

25 വർഷങ്ങൾക്കുമുമ്പുള്ള വിവരങ്ങൾ ലഭ്യമാക്കുവാനാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും ടിയാൻ സർവ്വീസിൽ പ്രവേശിച്ചതെന്നാണെന്നോ ടിയാന്റെ പേര് ഉൾപ്പെടുന്ന സീനിയോരിറ്റി ലിസ്റ്റിന്റെ നമ്പരോ ശ്രീ.മമ്മു, ഫിലിപ്പ് നൈനാൻ എന്നിവരുടെ സർവ്വീസ് കാര്യങ്ങൾ സംബന്ധിച്ചോ ഉള്ള മറ്റു പ്രതിപാദ്യങ്ങൾ ഒന്നും തന്നെ ഹർജിയിൽ വ്യക്തമാക്കിയിട്ടില്ലായിരുന്നുവെന്നുമാണ്. എങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ സർക്കാരിൽ ലഭ്യമാണോയെന്ന വിവരം വിശദമായി പരിശോധിക്കുകയും എന്നാൽ ഇതു സംബന്ധിച്ച മുൻഫയലുകളൊന്നും തന്നെ കണ്ടെത്താൻ സാധിക്കാതിരുന്ന സാഹചര്യത്തിലും പ്രസ്തുത വിവരങ്ങൾ ടി വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലുമാണ് ആയത് നൽകാൻ നിർവ്വാഹമില്ലെന്ന വിവരം ഹർജിക്കാരനെ 20.09.2019ലെ കത്തു പ്രകാരം അറിയിച്ചിട്ടുള്ളതെന്നും പ്രസ്തുത കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനാവശ്യമായ ഫയലുകളോ മറ്റെന്തെങ്കിലും രേഖകളോ കണ്ടെത്താൻ സാധിക്കാത്തതുകൊണ്ടു മാത്രമാണ് അപ്രകാരം മറുപടി നൽകിയിട്ടുള്ളതെന്നുമാണ് അറിയിച്ചത്.

5. 06.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചപ്പോൾ എതിർകക്ഷി ആയത് ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്ന നിഷേധാത്മകമായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. ഹർജിക്കാരൻ

ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനാവശ്യമായ ഫയലുകളോ മറ്റെന്തെങ്കിലും രേഖകളോ കണ്ടെത്താൻ കഴിയാത്തതുകൊണ്ടാണ് ഹർജിക്കാരന് അത്തരത്തിലൊരു മറുപടി നൽകിയതെന്നാണ് എതിർകക്ഷിയുടെ വാദം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ എതിർകക്ഷിയുടെ റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 06–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)